**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3009** **28-02-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ മത്സ്യഫെഡിന്റെ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ മത്സ്യഫെഡിന്റെ പുതിയ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. മലപ്പുറം ജില്ലയിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്ത്, പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി, വണ്ടൂർ നിയോജക മണ്ഡല ത്തിലെ മമ്പാട് ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഫിഷ് ബൂത്ത് ആരംഭിക്കുന്നതിനായി മുറികൾ അനുവദിക്കുകയും ആയത് പ്രകാരം മത്സ്യഫെഡുമായി ഉടമ്പടി പത്രം ഒപ്പ് വെച്ചിട്ടുമുണ്ട്. |
| (ബി) | നിലമ്പൂർ മണ്ഡലത്തിലെ ഏതെങ്കിലും സ്ഥലത്ത് മത്സ്യഫെഡിന്റെ ഫിഷ്മാർട്ട് ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലത്താണ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ഇതിന് ലഭിച്ചിട്ടുണ്ടോയെന്നും ഇതിനായി ഇതുവരെ നടത്തിയ നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) | ഉണ്ട്. നിലമ്പൂർ നിയോജക മണ്ഡലത്തിൽ നിലമ്പൂർ മുനിസിപ്പാലിറ്റി, ചുങ്കത്തറ ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഫിഷ്മാർട്ട് തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിരുന്നു. ആയതിൽ ചുങ്കത്തറ ഗ്രാമ പഞ്ചായത്ത് ഫിഷ് മാർട്ടിനായി മുറി അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം മത്സ്യഫെഡുമായി ഉടമ്പടി പത്രം ഒപ്പുവെച്ചിട്ടുണ്ട്. |
| (സി) | നിലമ്പൂർ നഗരസഭയിലെ മത്സ്യമാർക്കറ്റിലുള്ള പുതിയ കെട്ടിടം മത്സ്യഫെഡിന്റെയോ ഫിഷറീസ് വകുപ്പിന്റെയോ ഫണ്ടുപയോഗിച്ച് നിർമ്മിച്ചതാണോ എന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) | നിലമ്പൂർ നഗരസഭയിലെ മത്സ്യമാർക്കറ്റിലുള്ള പുതിയ കെട്ടിടം നിർമ്മിക്കാൻ മത്സ്യഫെഡിന്റെയോ ഫിഷറീസ് വകുപ്പിന്റെയോ ഫണ്ടുപ യോഗിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത കെട്ടിടം ഏതുവർഷമാണ് നിർമ്മിച്ചതെന്നും ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർമ്മിച്ചതെന്നും അറിയിക്കാമോ; | (ഡി) | നിലമ്പൂർ നഗരസഭയിലെ മത്സ്യമാർക്കറ്റിലുള്ള പുതിയ കെട്ടിടം നിർമ്മിക്കാൻ മത്സ്യഫെഡിന്റെയോ ഫിഷറീസ് വകുപ്പിന്റെയോ ഫണ്ടുപ യോഗിച്ചിട്ടില്ല. |
| (ഇ) | മേൽ കെട്ടിടത്തിൽ ഫണ്ട് ചെലവഴിച്ച ഏജൻസികൾക്കോ വകുപ്പിനോ എന്തെങ്കിലും അവകാശമുണ്ടോയെന്നും ഇല്ലെങ്കിൽ നടത്തിപ്പ് ചുമതല ഏതുവകുപ്പിനാണെന്നും അറിയിക്കാമോ? | (ഇ) | നിലമ്പൂർ നഗരസഭയിലെ മത്സ്യമാർക്കറ്റിലുള്ള പുതിയ കെട്ടിടം നിർമ്മിക്കാൻ മത്സ്യഫെഡിന്റെയോ ഫിഷറീസ് വകുപ്പിന്റെയോ ഫണ്ടുപ യോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ